കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വാത്തിക്കുടി ഗ്രാമപഞ്ചായത്ത്-"ചാണകം ഉണക്കിപ്പൊടിക്കുന്ന മെഷ്യൻ വാങ്ങി നൽകൽ "എന്ന പ്രോജക്ടിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 2333 / 2018/തസ്വഭവ തിരുവനന്തപുരം, തീയതി, 31.08.2018

പരാമർശം :- 1. വാത്തിക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30.03.2018-ലെ A2- 301/17-ാം നമ്പർ കത്ത്

2. ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.08.2018-ലെ 370/18/DPC/DPO/IDK നമ്പർ കത്ത്

3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2018-ലെ തീരുമാനം നം. 4.24

## ഉത്തരവ്

വാത്തിക്കുടി ഗ്രാമപഞ്ചായത്ത്, ഈ വർഷം "ചാണകം ഉണക്കിപ്പൊടിക്കുന്ന മെഷ്യൻ വാങ്ങി നൽകൽ" എന്ന പ്രോജക്ട് (പ്രോ.നം. 143/18 അടങ്കൽ - വികസനഫണ്ട് 10.00 ലക്ഷം രൂപ, ഗുണഭോക്തൃ വിഹിതം 5.00 ലക്ഷം രൂപ, ശുചിത്വ മിഷൻ 2.00 ലക്ഷം രൂപ, കുടുംബശ്രീ മിഷൻ 3.00 ലക്ഷം രൂപ, ആകെ 20.00 ലക്ഷം രൂപ) നൂതന പ്രോജക്ടായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ജില്ലാതല കമ്മിറ്റി ഇതിന് അംഗീകാരം നൽകിയിട്ടുണ്ടെങ്കിലും മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പ്രത്യേക അനുമതി നൽകണമെന്നും വാത്തിക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പരാമർശം(1) കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) 13.08.18 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇക്കാര്യം പരിശോധിച്ചു. ടി യോഗത്തിന്റെ 4.24 നമ്പർ തീരുമാനപ്രകാരം കുടുംബശ്രീ, ശുചിത്വ മിഷൻ വിഹിതം ഇതിനു ലഭിക്കില്ല എന്നതിനാൽ മറ്റ് സ്രോതസ്സുകളിൽ നിന്നും തുക കണ്ടെത്തണമെന്ന നിബന്ധനയോടെ വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ "ചാണകം ഉണക്കിപ്പൊടിക്കുന്ന മെഷ്യൻ വാങ്ങി നൽകൽ" എന്ന പ്രോജക്ടിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
പ്രസിഡണ്ട്, വാത്തിക്കുടി ഗ്രാമപഞ്ചായത്ത്, ഇടുക്കി
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**പകർപ്പ്:**- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (റൂറൽ) യുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി (അർബൻ) യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ